"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതിവിദ്യാഭ്യാസം - എറണാകുളം ജില്ലയിലെ, കാലടി ബി.എസ്. യു.പി.എസിൽ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായ ശ്രീമതി. സ്വാതികൃഷ്ണയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതിവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1228/2026/GEDN തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:-

1. എറണാകുളം, ജില്ലയിലെ കാലടി, ബ്രഹ്മനന്ദോദയം യു.പി. സ്കൂൾ മാനേജർ സമർപ്പിച്ച 27.02.2025 തീയതി വെച്ച അപേക്ഷ.
2. അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.05.2025 ലെ AEOANK/225/2025-D നമ്പർ കത്ത്.
3. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.05.2025 ലെ DEOALV/540/2025-B6 നമ്പർ കത്ത്.
4. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 20.05.2025 ലെ ഡി.ഡി.ഇഇകെഎം/2385/2025-ബി3 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.05.2025 ലെ DGE/6600/2025-E2 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ, കാലടി ബി.എസ്. യു.പി.എസിൽ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായ ശ്രീമതി. സ്വാതികൃഷ്ണയുടെ നിയമനാംഗീകാ രവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 22.05.2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ശ്രീമതി. സ്വാതി കൃഷ്ണ പങ്കെടുക്കുകയോ വാദമുഖങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2) **നേരിൽ കേട്ട വേളയിൽ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.**

കാലടി ബി.എസ്.യു.പി.സ്കൂളിൽ 05-06-2023 മുതൽ 29-03-2024 വരെ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിതയായ ശ്രീമതി. സ്വാതികൃഷ്ണ ടി.എ.യുടെ നിയമനാംഗീകാരം നിരസിച്ചതിനെതിരെ സമർപ്പിച്ച റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ, സ്ഥാനക്കയറ്റം നൽകിയ ശ്രീമതി. വൃന്ദ

ശേഖറിന്റെ നിയമനം അംഗീകരിച്ചിട്ടില്ല എന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല, മാത്രവുമല്ല പ്രസ്തുത ഒഴിവിലേക്ക് ശ്രീ. എസ്. നന്ദു വിനെ മാനേജർ 18-09-2023 മുതൽ പുനക്രമീകരിച്ച് നിയമിച്ചിട്ടുള്ളതിനാൽ ശ്രീമതി. സ്വാതി കൃഷ്ണക്ക് 17-09-2023 വരെ മാത്രമെ നിയമനം ഉള്ളൂ എന്നീ കാരണങ്ങളാൽ റിവിഷൻ അപ്പീൽ നിരാകരിച്ചു. കാലടി ബി.എസ്.യു.പി.സ്കൂളിലെ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായിരുന്ന ശ്രീമതി. വൃന്ദശേഖറെ 01-06-2023 മുതൽ എച്ച്.എസ്.റ്റി. സംസ്കൃതം അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതുവഴി ആവിർഭവിച്ച ഒഴിവിൽ ശ്രീമതി. സ്വാതികൃഷ്ണ ടി.എ.യെ 05-06-2023 മുതൽ 29-03-2024 വരെ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ശ്രീമതി. വൃന്ദ ശേഖറിന്റെ 01-06-2023 മുതലുള്ള എച്ച്.എസ്.റ്റി. സംസ്കൃതം നിയമനത്തിന് ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 21-12-2024 ലെ ബി3/46001/2023 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതിനാൽ ശ്രീമതി. സ്വാതി കൃഷ്ണയെ ഉൾക്കൊള്ളുവാൻ മതിയായ വ്യവസ്ഥാപിത ഒഴിവ് ലഭ്യമാണ്. ഈ മാനേജ്മെന്റിന് കീഴിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ജൂനിയർ സംസ്കൃതം തസ്തിക ഭിന്നശേഷി നിയമനത്തിനായി മാറ്റിവയ്ക്കുകയും, അതിൻ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ പട്ടികയിൽ നിന്നും അഭിമുഖം നടത്തി ഒരാളെ തെരഞ്ഞെടുക്കുകയും, ഭിന്നശേഷി ഉദ്യോഗാർത്ഥി 18-09-2023 ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിച്ചതിനെ തുടർന്ന്, ടി തസ്തികയിൽ താൽക്കാലിക അംഗീകാരത്തോടെ സേവനത്തിൽ തുടർന്നുവന്നിരുന്ന ശ്രീ. എസ്. നന്ദുവിനെ ജൂനിയർ സംസ്തം അദ്ധ്യാപകനായി ശ്രീമതി. വൃന്ദ ശേഖറിന്റെ എച്ച്.എസ്.റ്റി. സംസ്കൃതം അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയതുവഴി സംജാതമായ ഒഴിവിൽ മാറ്റി പുനക്രമീകരിക്കുകയും ചെയ്തു. ആകയാൽ ശ്രീമതി. സ്വാതികൃഷ്ണയെ 17-09-2023 മദ്ധ്യാഹ്നത്തിൽ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുകയും ചെയ്തു. അപ്രകാരം 05-06-2023 മുതൽ 17-09-2023 വരെ ശ്രീമതി. സ്വാതികൃഷ്ണ ടി.എ. ജൂനിയർ സംസ്കൃതം അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ജൂനിയർ സംസ്കൃതം തസ്തിക ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ചതിനാൽ ഭിന്നശേഷി നിയമനാർത്ഥിയെ ലഭിക്കുന്നതുവരെ മാത്രമാണ് ശ്രീമതി. സ്വാതി കൃഷ്ണ ടി.എ.യെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ഈ സാഹചര്യത്തിൽ റിവിഷൻ അപ്പീൽ അനുവദിച്ചുകൊണ്ട് കാലടി ബി.എസ്. യു.പി.എസിൽ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായ നിയമിതയായ ശ്രീമതി. സ്വാതി കൃഷ്ണയുടെ 05-06-2023 മുതൽ 17-09-2023 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുവാൻ അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണ മെന്നഭ്യർത്ഥിക്കുന്നു.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

അങ്കമാലി വിദ്യാഭ്യാസ ഉപജില്ലാ പരിധിയിലുള്ള കാലടി ബി എസ് യു പി സ്കൂളിലെ ശ്രീമതി വൃന്ദ ശേഖർ നെ 01/06/2023 മുതൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള കാലടി ബി എച്ച് എസ് എസ് ലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് ശ്രീമതി സ്വാതി കൃഷ്ണ ടി എ യെ ജൂനിയർ സംസ്കൃതം ടീച്ചർ ആയി 05/06/2023 മുതൽ 29/3/2024 വരെ ദിവസവേതനാടിസ്ഥാനത്തിൽ മാനേജർ നിയമിച്ചു. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളിൽ ഉണ്ടാകുന്ന വ്യവസ്ഥാപിത റെഗുലർ ഒഴിവിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥ ഇല്ലാത്തതിനാലും സ്ഥാനക്കയറ്റം ലഭിച്ച മാതൃ അധ്യാപികയുടെ നിയമന അപ്പീൽ വിദ്യാഭ്യാസ

ഉപഡയറക്ടറുടെ പരിഗണനയിലാകയാൽ പ്രസ്തുത നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ലാത്തതിനാലും ശ്രീമതി മഞ്ജുഷ ദേവി ടി ആർ ന്റെ സ്ഥാനക്കയറ്റം ഒഴിവാണ് ഭിന്നശേഷി ഉദ്യോഗാർത്ഥിക്കായി മാറ്റി വച്ചിട്ടുള്ളതെന്നതിനാലും പ്രസ്തുത നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയിരുന്നു.ആയതിനെതിരെ മാനേജർ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കാനുണ്ടായ കാരണങ്ങൾ നിലനിൽക്കുന്നതായി ബോധ്യപ്പെട്ടതിനാൽ ശ്രീമതി സ്വാതി കൃഷ്ണ ടി എ യുടെ ജൂനിയർ സംസ്കൃതം തസ്തികയിലുള്ള 05/06/2023 മുതൽ 29/3/2024 വരെയുള്ള ദിവസവേതനടിസ്ഥാനത്തിലുള്ള നിയമനാംഗീകാര അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ച് നൽകി.

കാലടി അദ്വൈതാശ്രമം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി മാനേജ്മെന്റിന്റെ റോസ്റ്റർ പ്രകാരം പ്രൈമറി വിഭാഗത്തിൽ 2 ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതും അപ്രകാരം ശ്രീമതി മഞ്ജുഷ ദേവി ടി ആർ ന്റെ സ്ഥാനക്കയറ്റത്തെ തുടർന്ന് സംജാതമായ ജൂനിയർ സംസ്കൃതം തസ്തികയും ശ്രീമതി ബിജി പി ജി യുടെ സ്ഥാനക്കയറ്റത്തെ തുടർന്ന് സംജാതമായ ജൂനിയർ ഹിന്ദി തസ്തികയുമാണ് ഭിന്നശേഷി ഉദ്യോഗാർത്ഥിക്കായി മാറ്റി വച്ചിട്ടുള്ളത്. പ്രസ്തുത ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 ഭിന്നശേഷി ഉദ്യോഗാർത്ഥികൾ 18/9/2023 മുതൽ ജോലിയിൽ പ്രവേശിച്ചതായും അറിയിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അപ്രകാരം പ്രൈമറി വിഭാഗത്തിലെ ഭിന്നശേഷി സംവരണം പാലിക്കപ്പെട്ടിട്ടുള്ളതുമാണ്. ശ്രീമതി മഞ്ജുഷ ദേവി ടി ആർ ന്റെ സ്ഥാനക്കയറ്റത്തെ തുടർന്ന് സംജാതമായ ജൂനിയർ സംസ്കൃതം തസ്തികയിൽ മാനേജർ ശ്രീ നന്ദു എസ് നെ 15/7/2021 മുതൽ നിയമിച്ചിരുന്നതും ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് ടിയാളുടെ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാനെ 18/9/2023 മുതൽ ശ്രീമതി വൃന്ദ ശേഖർ നെ 01/06/2023 സ്ഥാനക്കയറ്റം നൽകിയ ഒഴിവിലേക്ക് ക്രമീകരിച്ചിട്ടുള്ളതുമായി കാണുന്നു.അപ്രകാരം പ്രസ്തുത തസ്തികയിൽ നിലനിന്നിരുന്ന ശ്രീമതി സ്വാതി കൃഷ്ണ ടി എ യ്ക്ക് 17/9/2023 വരെ മാത്രമേ നിലനിൽക്കുന്നതിന് തസ്തികയുണ്ടായിരുന്നുള്ളൂ. ശ്രീമതി വൃന്ദ ശേഖർ ന്റെ 01/06/2023 മുതലുള്ള സ്ഥാനക്കയറ്റം അംഗീകരിക്കപ്പെട്ടിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. മേൽ സാഹചര്യത്തിൽ ശ്രീമതി സ്വാതി കൃഷ്ണ ടി എ യുടെ ജൂനിയർ സംസ്കൃതം തസ്തികയിലുള്ള നിയമനം 05/06/2023 മുതൽ 17/9/2023 വരെ പരിമിതപ്പെടുത്തി ദിവസവേതനടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. കാലടി അദ്വൈതാശ്രമം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള കാലടി ബി എസ് യു പി സ്കൂളിലെ ജൂനിയർ ലാംഗ്വേജ് സംസ്കൃതം അധ്യാപിക ശ്രീമതി വൃന്ദ ശേഖറിനെ ഇതേ മാനേജ്മെന്റിന് കീഴിലെ കാലടി ബി എച്ച് എസ്, ലെ എച്ച് എസ് ടി സംസ്കൃതം തസ്തികയിലേക്ക് 01.06.2023 തീയതി മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചത് വഴി ഉണ്ടായ ഒഴിവിലേക്കാണ് ശ്രീമതി സ്വാതി കൃഷ്ണ ടി എ. യെ 05.06.2023 തീയതി മുതൽ 29.03.2024 തീയതി വരെ ജൂനിയർ ലാംഗ്വേജ് സംസ്കൃതം അധ്യാപക തസ്തികയിൽ ദിനവേതനാടിസ്ഥാനത്തിൽ മാനേജർ നിയമിച്ചു. ശ്രീമതി വൃന്ദ ശേഖറിന്റെ സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭിക്കാതിരുന്നതിനാൽ ശ്രീമതി സ്വാതി കൃഷ്ണയുടെ നിയമനത്തിന് അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നിരസിച്ചിരുന്നു. ടി സ്കൂൾ

മാനേജ്മെന്റിന് കീഴിൽ കാലടി ബി എസ് യു പി എസ്, കാലടി ബി എച്ച് എസ് എന്നിങ്ങനെ രണ്ട് സ്കൂളുകൾ ആണ് ഉള്ളത്. മേൽപ്പറഞ്ഞ രണ്ട് സ്കൂളുകളിലുമായി റോസ്റ്റർ പ്രകാരം പ്രൈമറി വിഭാഗത്തിൽ രണ്ട് തസ്തികകളിൽ ആണ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കേണ്ടത്. ഭിന്നശേഷി നിയമനത്തിനായി മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിക്വിസിഷൻ സമർപ്പിച്ച് വിട്ട് നൽകിയ രണ്ട് തസ്തികകളിലൊന്നായ ജൂനിയർ ലാംഗ്വേജ് സംസ്കൃതം തസ്തികയിൽ 15.07.2021 തീയതി മുതൽ നിയമിതനായ ശ്രീമതി നന്ദു എസ്, ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥി 18.09.2023 തീയതി മുതൽ ജോലിയിൽ പ്രവേശിച്ചതിനാൽ പുറത്താകുകയും മാനേജർ അന്നേ ദിവസം തന്നെ ടിയാനെ ശ്രീമതി സ്വാതി കൃഷ്ണ ടി.എ യെ ദിനവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്ന തസ്തികയിലേക്ക് ക്രമീകരിക്കുകയും ചെയ്തു. മാനേജരുടെ ഇപ്രകാരമുള്ള ക്രമീകരണം അങ്കമാലി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ സാധുകരിച്ച് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി സ്വാതി കൃഷ്ണ ടി എ ക്ക് 17.09.2023 തീയതി വരെ മാത്രമേ ദിനവേതനാടിസ്ഥാനത്തിൽ നില നിൽക്കുവാൻ തസ്തിക ലഭ്യമായിരുന്നുള്ളു.

5) മേൽ സാഹചര്യത്തിൽ കാലടി ബി.എസ്. യു.പി.എസിൽ ജൂനിയർ സംസ്കൃതം അദ്ധ്യാപികയായ ശ്രീമതി. സ്വാതികൃഷ്ണയുടെ 05.06.2023 മുതൽ 17.09.2023 വരെയുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുന്നതിന് അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അങ്കമാലി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
മാനേജർ, ബ്രഹ്മനന്ദോദയം യു.പി.സ്കൂൾ, കാലടി പി.ഒ, എറണാകുളം - 683 574
ശ്രീമതി സ്വാതികൃഷ്ണ, ജൂനിയർ സംസ്കൃതം ടീച്ചർ ബി.എസ്.യു.പി. സ്കൂൾ കാലടി പി.ഒ, എറണാകുളം - 683 574
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 11-02-2026 15:00:25
സെക്ഷൻ ഓഫീസർ